## പതിനാലാം കേരള നിയമസഭ
### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 722** **09.08.2017-ൽ മറുപടിയ്ക്ക്**

**ചെറുനെല്ലി ആദിവാസി കോളനി**

**ചോദ്യം**
ശ്രീ.കെ. ബാബു

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | നെല്ലിയാമ്പതി പഞ്ചായത്തിലെ ചെറുനെല്ലി ആദിവാസി കോളനിയിൽ എത്ര കുടുംബങ്ങളാണ് താമസിക്കുന്നത് എന്ന് വിശദമാക്കുമോ; | എ) | ചെറുനെല്ലി കോളനിയിൽ കാടർ വിഭാഗത്തിൽപ്പെട്ട 17 കുടുംബങ്ങളാണ് താമസിച്ചു വരുന്നത്. |
| ബി) | അടിസ്ഥാന സൗകര്യങ്ങൾ ഒന്നുമില്ലാത്ത ഈ കോളനിയിലെ ജനങ്ങളുടെ പുനരധിവാസപദ്ധതി സംബന്ധിച്ച വിശദാംശം നൽകുമോ; | ബി) | ടി കോളനി നിവാസികളുടെ പുനരധിവാസത്തിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനു വേണ്ടി ബഹു.ജില്ലാ കളക്ടർ റവന്യൂ ഡിവിഷണൽ ഓഫീസറെ ചുമതലപ്പെടുത്തുകയും, പട്ടികവർഗ്ഗക്കാർക്ക് പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഇഷ്ടപ്പെട്ട ഭൂമി കണ്ടെത്തുന്നതിന് കോളനി നിവാസികൾക്ക് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മാർഗ്ഗ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| സി) | ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എവിടെയാണ് സ്ഥലമെന്നും, എത്ര ഏക്കറാണ് എന്നും വിശദമാക്കുമോ; | സി) | സ്ഥലം കണ്ടെത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | ചെറുനെല്ലി കോളനിക്കാരുടെ പുനരധിവാസപദ്ധതി എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ? | ഡി) | സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ